MALABAR CHRISTIAN COLLEGE

Calicut 673 001, Kerala

POST-GRADUATE & RESEARCH DEPARTMENT OF MALAYALAM





അറിവിൻ കൈത്തിരി മലയാളം

മലയാളവിഭാഗം

മലബാർ ക്രിസ്ത്യൻ കോളേജ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യന്നു പെറ്റമ്മ തൻഭാഷതാൻ

വള്ളത്തോൾ

# മലയാളവിഭാഗം
## മലബാർ ക്രിസ്ത്യൻ കോളേജ്

1909 ൽ കോളേജ് ആരംഭിച്ച സമയത്ത് തന്നെ മലയാളം രണ്ടാംഭാഷയായി പഠിപ്പിച്ചിരുന്നു. 1980 ൽ ബി.എ. മലയാളവും 2001 ൽ എം.എ. മലയാളവും കോളേജിൽ ആരംഭിച്ചു. 2014 ൽ റിസർച്ച് ഡിപ്പാർട്ട്മെന്റായി ഉയർത്തപ്പെട്ടു. നിലവിൽ 5 റിസർച്ച് ഗൈഡുമാരും 20 ഗവേഷകരും ഉണ്ട്.

പ്രഗത്ഭരായ അധ്യാപകരുടെ ഒരു നിരതന്നെ ഈ ഡിപ്പാർട്ട്മെന്റിന് അവകാശപ്പെട്ടതാണ്. വിദ്വാൻ സൂര്യൻ എഴുത്തച്ഛൻ, പ്രശസ്ത കവി ആർ. രാമചന്ദ്രൻ, നിരൂപകനായിരുന്ന എം.ആർ. ചന്ദ്രശേഖരൻ, പ്രശസ്ത അധ്യാപകരായിരുന്ന ഡോ. പത്മനാഭ കുറുപ്പ്, പ്രൊഫ. കെ. ഗോപാലകൃഷ്ണൻ, പ്രശസ്ത ചെറുകഥാകൃത്ത് ഗീതാ ഹിരണ്യൻ, സാഹിത്യ കാരനായിരുന്ന എസ്. ഇ. ജെയിംസ്, അക്കാദമിക് രംഗത്ത് അറിയപ്പെടുന്ന വ്യക്തിത്വങ്ങളായ ഡോ.കെ.വി. തോമസ്, ഡോ. ശ്രീജിത്ത് ജി. എന്നിവർ അവരിൽ ചിലരാണ്.

നിലവിൽ ഏഴ് അദ്ധ്യാപകർ ഈ ഡിപ്പാർട്ട്മെന്റിൽ പ്രവർത്തിക്കുന്നു. അവരിൽ മൂന്നുപേർ ഗവേഷണ മാർഗദർശികൾ ആണ്. അക്കാദമിക, സാഹിത്യ, സാമൂഹിക മേഖലകളിലുള്ള ഇവിടുത്തെ അദ്ധ്യാപകരുടെ പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്.

മലയാളവിഭാഗം മലബാർ റിസർച്ച് മാന്വൽ എന്ന പേരിൽ സ്വന്തമായി ഒരു ജേർണൽ നടത്തുന്നുണ്ട്. വർഷത്തിൽ രണ്ടുതവണ പ്രസിദ്ധീകരിക്കുന്ന ഇതിൽ ഗവേഷണ സ്വഭാവമുള്ള പ്രബന്ധങ്ങളാണ് ഉൾപ്പെടുത്തുന്നത്. കൂടാതെ, മലയാളവിഭാഗം ഒരു യൂട്യൂബ് ചാനലും നടത്തുന്നുണ്ട്. വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പ്രഭാഷണങ്ങളുടെയും മറ്റ് പരിപാടികളുടെയും വീഡിയോകളാണ് ഇതിൽ കാണാൻ കഴിയുക. വിദ്യാർത്ഥി സൗഹൃദ ഡിപ്പാർട്ട്മെന്റാണ് എന്നുള്ളതും പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനാവശ്യങ്ങൾക്ക് കൈത്താങ്ങ് നൽകുന്നു എന്നതും വിഭാഗത്തിന്റെ സവിശേഷതയാണ്. പഠനത്തിനൊപ്പം പഠനാനുബന്ധപ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്ന ഒരു സമീപനമാണ് വിഭാഗത്തിനുള്ളത്.

FAITHFUL AND TRUE

## PROGRAMMES OFFERED

**UG**: ബി. എ. മലയാളം ഭാഷയും സാഹിത്യവും ഓണേഴ്സ്  Aided

Eligibility: ഹയർ സെക്കൻഡറി വിജയം

**PG:** എം. എ. മലയാളം – Aided

Eligibility: ബി.എ.  മലയാളം (കോർ/മെയിൻ)

അല്ലെങ്കിൽ ഏതെങ്കിലും ബിരുദത്തോടൊപ്പം

മലയാളം കോമൺ കോഴ്സായി പഠിച്ചിരിക്കണം.

**Ph.D.** : കാലിക്കറ്റ് സർവകലാശാല നിബന്ധനകൾക്ക് അനുസൃതം

## PROGRAMME INTAKE

UG Intake: 55

PG Intake: 30

## MINOR GROUPS OFFERED

മലയാള സാഹിത്യപരിചയം

## MULTI DISCIPLINARY COURSES

സർഗ്ഗാത്മകരചനയും സാഹിത്യവും

സിനിമയും സാഹിത്യവും

കേരള സമൂഹവും സാംസ്കാരികപാരമ്പര്യവും

കേരള സമൂഹവും ശാസ്ത്രജ്ഞാനപാരമ്പര്യവും

കേരള സമൂഹവും വാണിജ്യസംസ്കാരവും

## SKILL ENHANCEMENT COURSES

മത്സരപ്പരീക്ഷകളിലെ മലയാളം

അവതരണമലയാളം

## VALUE ADDED COURSE

സാഹിത്യവും മാനവികതയും

ശാസ്ത്രവും മാനവികതയും

വാണിജ്യവും മാനവികതയും



## BENEFITS

മലയാളസാഹിത്യത്തിലെ വിവിധ ജനുസ്സുകളെയും അവയുടെ ചരിത്രപരമായ വികാസത്തെയും മനസ്സിലാക്കുകയും സാഹിത്യ കൃതികളെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യാനുള്ള ശേഷി.

മലയാളഭാഷയുടെ ഘടന, വ്യവഹാരം, പരിണാമം എന്നിവയെ സംബന്ധിച്ച ധാരണയും വിശകലനശേഷിയും.

കേരളീയസംസ്കാരത്തിന്റെയും സാമൂഹികതയുടെയും രൂപീകരണം, പരിണാമം, ബഹുസ്വരത എന്നിവ തിരിച്ചറിയാനും കേരളീയ സാംസ്കാരികരൂപങ്ങളെയും കേരളീയകലകളെയും വിശകലനവിധേയമാക്കാനുമുള്ള കഴിവ്.

ഗവേഷണപ്രക്രിയ, അക്കാദമികരചന എന്നിവയിൽ പ്രായോഗികപരിശീലനം നേടുകയും നേടിയ അറിവുകൾ, കഴിവുകൾ, നൈപുണികൾ എന്നിവ നിത്യജീവിതസന്ദർഭങ്ങളിൽ പ്രയോഗിക്കാനുമുള്ള സാമർത്ഥ്യം.

വ്യത്യസ്ത ദേശകാലങ്ങളിലുള്ള സാഹിത്യത്തെ പരിചയപ്പെടുകയും അവയുടെ സാംസ്കാരികവും സൗന്ദര്യശാസ്ത്രപരവുമായ സവിശേഷതകൾ താരതമ്യപ്പെടുത്താനുമുള്ള കഴിവ്.

വ്യത്യസ്ത സാമൂഹിക കാഴ്ചപ്പാടുകളിലും അന്തർവൈജ്ഞാനിക സമീപനങ്ങളിലും ഊന്നി മലയാള ഭാഷാ - സാഹിത്യ - സംസ്കാരപഠനത്തിൽ ഇടപെടാനുള്ള വൈദഗ്ദ്ധ്യം.

## BENEFITS

ഗവേഷണ വിഭാഗം

പ്രസിദ്ധീകരണം (മലബാർ റിസർച്ച് മാന്വൽ)

യൂട്യൂബ് ചാനൽ

മലയാളമണ്ഡലം (വിഭാഗത്തിന്റെ സാഹിത്യ സാംസ്കാരിക കൂട്ടായ്മ)

പ്രഭാഷണ പരമ്പര (ദേശീയ, അന്തർദേശീയ സെമിനാറുകൾ)

ഭാരതീയകാവ്യോത്സവം (ഭാഷാസമന്വയ വേദി)

വായനക്കളരി

## ACHIEVEMENTS

ബി.എ., എം.എ. കോഴ്സുകൾക്ക് ഉയർന്ന വിജയശതമാനം വിഭാഗത്തിന്റെ പ്രത്യേകതയാണ്. എം.എ. യ്ക്ക് 2021- ൽ ഒന്നും മൂന്നും റാങ്കുകളും 2025 ൽ ഒന്നും മൂന്നും ആറും റാങ്കുകളും ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്കായിരുന്നു. 2025ൽ ബി.എ. യ്ക്ക് ഏഴാം സ്ഥാനവും ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥി കരസ്ഥമാക്കിയത് അക്കാദമിക രംഗത്തെ മികവിന്റെ സമീപകാല ഉദാഹരണമാണ്. കൂടാതെ J.R.F., N.E.T., S.E.T., T.E.T. എന്നിവ കരസ്ഥമാക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിലും മലയാള വിഭാഗം മുന്നിലാണ്. Aspire തുടങ്ങിയ സ്കോളർഷിപ്പുകളും വിദ്യാർത്ഥികൾ നേടുന്നുണ്ട്. അദ്ധ്യാപനം, മാധ്യമം എന്നീ മേഖലകളിൽ വിഭാഗത്തിൽ നിന്ന് പഠിച്ചിറങ്ങിയ വിദ്യാർത്ഥികളുടെ സാന്നിദ്ധ്യം പ്രത്യേകം പരാമർശിക്കേതാണ്.

പഠനരംഗത്ത് മാത്രമല്ല പഠനാനുബന്ധ മേഖലകളിലും മികച്ച പ്രകടനമാണ് കുട്ടികൾ കാഴ്ചവയ്ക്കാറുള്ളത്. കലാകായിക രംഗങ്ങളിലും എൻ.എസ്.എസ്.ലെ പ്രവർത്തനങ്ങളിലും ഡിപ്പാർട്ട്മെന്റിലെ കുട്ടികൾ മുൻപന്തിയിലാണ്. ബിസോൺ, ഇന്റർ സോണുകളിലെ ബെസ്റ്റ് ആക്ടർ അവാർഡും കായികരംഗത്തെ നാഷണൽ സെലക്ഷനുകളും ഇതിന്റെ തെളിവാണ്.

## CONTACT

Email: malayalamandalam@gmail.com
Phone: 9447622183
Website: https://mccclt.ac.in/malayalam/